# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3082 — 15.12.15 ൽ - മറുപടിക്ക്

## റേഷൻ കാർഡുകളിലെ തെറ്റുതിരുത്തൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശർമ്മ : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | കൊച്ചി താലൂക്ക് സപ്ലൈ ഓഫീസിന്റെ പരിധിയിലുള്ള റേഷൻ കാർഡുകളിലെ തെറ്റു തിരുത്തൽ നടപടികൾ പൂർത്തിയാക്കി എന്നത്തേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ; | (എ) | 31.03.2016 മുതൽ വിതരണം ചെയ്യുവാൻ കഴിയും. |
| (ബി) | റേഷൻകാർഡ് വിതരണം ചെയ്യുന്നതിലെ കാലതാമസ്സം എന്തുകൊണ്ടാണ്; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചു; ടി പ്രവൃത്തി നടപ്പാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വ്യക്തമാക്കാമോ? | (ബി) | ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി സമഗ്രമായ വിവരങ്ങൾ കാർഡുടമകളിൽ നിന്നും ശേഖരിച്ച് ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഐ.സി.യുടെ സഹായത്തോടെ, പ്രത്യേക പ്രോഗ്രാം രൂപകൽപന ചെയ്ത് റാങ്ക് ചെയ്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിന് തീരുമാനമാവുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള ജോലികൾ ആരംഭിക്കുകയും ചെയ്തു. സാങ്കേതികപരവും, സമഗ്രവുമായ വിവരശേഖരണവും, ഡാറ്റാ എൻട്രിയും, ആധികാരികത ഉറപ്പുവരുത്തി ചെയ്യുന്നതിനാലാണ് കാലതാമസം നേരിടുന്നത്. ഈ പ്രവർത്തികൾ നടപ്പാക്കുന്നതിന് ഇതുവരെ 30.79 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1. | അഡ്മിനിസ്ട്രേഷൻ എക്സ്പെൻസ് | 1,19,87,479 |
| 2. | ഫോം പ്രിന്റ് ചെയ്ത വകയിൽ | 3,34,47,676 |
| 3. | ഐ.ഇ.സി | 23,95,000 |
| 4. | ഫോട്ടോ ക്യാമ്പുകൾ | 8,45,82,288 |
| 5. | ഡാറ്റാ എൻട്രി | 17,52,01,754 |
| 6. | മറ്റ് ചെലവുകൾ | 2,78,067 |
| | ആകെ | 30,78,92,264 |

സർക്കാർ ഏജൻസിയായ സി-ഡിറ്റ് ആണ് റേഷൻ കാർഡ് പുതുക്കലിന്റെ ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ. ഡാറ്റാ എൻട്രി നടത്തുന്നതിനായി, സി-ഡിറ്റിന് പുറമേ അക്ഷയ, കുടുംബശ്രീ എന്നീ ഏജൻസികളുടെയും സേവനം ലഭ്യമാക്കിയിരുന്നു.

Thulasi

*സെക്ഷൻ ഓഫീസർ*